32 വീടുകൾ പൂർണ്ണമായും തകർന്നു കഴിഞ്ഞു. മണ്ണാർക്കാട് എം.ഇ.എസ്. കല്ലടി കോളേജിന്റെ മേൽപ്പുര മുഴുവൻ പറന്നുപോയി. പല സ്കൂളുകളിലും കനത്ത വിള്ളലുകളും ചോർച്ചകളും ഉണ്ടായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ വീടുകൾ പുനർ നിർമ്മിക്കാനും വയനാട് മോഡലിൽ അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിലെ കർഷകർക്ക് ഒരു പ്രത്യേക പാക്കേജുണ്ടാക്കി, അവരുടെ ലോണിന്റെ പലിശ ചുരുക്കാനും സത്വരമായ നടപടികൾ റവന്യൂ വകുപ്പും നിയമവകുപ്പും ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, മണ്ണാർക്കാട് താലൂക്കിൽ മഴ ഇപ്പോഴും തുടരുന്നുണ്ട്. ഭവാനിപ്പുഴ കരകവിഞ്ഞൊഴുകുകയും, ചാവണ്ടിടിയൂർ ക്രോസ്വേ മുങ്ങുകയും ചെയ്തിട്ടുള്ളതിനാൽ പുതൂർ പഞ്ചായത്ത് ഒറ്റപ്പെട്ട നിലയിലാണ്. ഒരിക്കൽ വെള്ളം താണിരുന്നുവെങ്കിലും ഇപ്പോൾ വെള്ളം കുറച്ചു കൂടിയിട്ടുണ്ട്. ചാവണ്ടിടിയൂരിലെ പാലം പണി പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇപ്പോഴത്തെ ഈ കാലവർഷക്കെടുതിയിൽ 232 വീടുകൾ ഭാഗികമായി തകർന്നിരിക്കുകയാണ്. 7 വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. ഈ ഇനത്തിൽ 11,43,000 രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. ആയിരക്കണക്കിനു റബ്ബർ മരങ്ങൾ കാറ്റത്ത് വീണിട്ടുണ്ട്. ഇവിടെ ആവശ്യപ്പെട്ടതുപോലെ എല്ലാവർക്കും ആശ്വാസമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

V. വ്യവസായ വകുപ്പുമന്ത്രിയുടെ തിരുത്തൽ സ്റ്റേറ്റ്മെന്റ്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, വളരെ ഗൗരവതരമായ ഒരു പ്രശ്നം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഈ ക്രമപ്രശ്നത്തിലൂടെ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി എന്റെ ഒരു നക്ഷത്രചിഹ്നമിട്ട ചോദ്യത്തിനുത്തരമായി നൽകിയിട്ടുള്ള മറുപടി തിരുത്തിക്കൊണ്ട് ഇന്നലെ സഭയിൽ മറ്റൊരു സ്റ്റേറ്റ്മെന്റ് വയ്ക്കുകയുണ്ടായി. ആദ്യത്തെ മറുപടി യഥാർത്ഥത്തിൽ ആർക്കും ബോദ്ധ്യപ്പെടാവുന്ന ഒരു മറുപടിയായിരുന്നു. പക്ഷേ ഗവൺമെന്റിന്റെ മുഖം വികൃതമാക്കാൻ വേണ്ടിപ്പോകുന്നുവെന്നു മനസ്സിലായപ്പോൾ, മുഖം രക്ഷിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയെക്കൊണ്ട് മറ്റൊരു തിരുത്തിയ സ്റ്റേറ്റ്മെന്റ് ഇന്നലെ സഭയിൽ വച്ചത്. അങ്ങേയറ്റം അബദ്ധപഞ്ചാംഗമായി മാറി എന്നു പറഞ്ഞാൽ അതിശയോക്തിയല്ല. ഇതു എത്രമാത്രം അബദ്ധമാണെന്നു ഞാൻ പറയണ്ടേ? എൽ. ഡി. എഫ്. ഗവൺമെന്റിന്റെയും യു. ഡി. എഫ്. ഗവൺമെന്റിന്റെയും കണക്കുകൾ തമ്മിൽ താരതമ്യം ചെയ്തുനോക്കണം. 6,084.72 കോടി രൂപ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് വ്യവസായ നിക്ഷേപമുണ്ടെന്നു പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1,200.46 കോടി രൂപയുടെ വ്യവസായ നിക്ഷേപമാണെന്നു പറഞ്ഞു. അതിനെ സംബന്ധിച്ച് കൃത്യമായ കണക്കുണ്ട്. പക്ഷേ ഈ തിരുത്തിയ സ്റ്റേറ്റ്മെന്റിൽ പുതിയൊരു കോളം വന്നിട്ടുള്ളത്, കെ. എഫ്. സി. പോലുള്ള വാണിജ്യ ബാങ്കുകൾ, ഡിപ്പാർട്ടുമെന്റിന്റെ കീഴിൽത്തന്നെ പ്രവർത്തിക്കുന്ന ബാങ്കുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ, എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര നിക്ഷേപമുണ്ടായി? അതിനു വിവരം ലഭ്യമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് കെ. എഫ്. സി. പോലുള്ള സ്ഥാപനങ്ങളുടെ നിക്ഷേപത്തിന്റെ കണക്കു ലഭ്യമല്ല എന്ന് ഒരു മറുപടി, തിരുത്തിയ സ്റ്റേറ്റുമെന്റിൽ വരിക എന്നു പറഞ്ഞാൽ എന്താണ"? മാത്രവുമല്ല യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തെ നാലു വർഷത്തെ കണക്കുണ്ട്. കെ. എഫ്.സി. മുതൽക്ക് ഇങ്ങോട്ടുള്ളത്, 2,374.39 കോടി രൂപ എന്നാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല ഇവിടെ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് സ്ഥാപനങ്ങളിൽ നിന്നും യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത" 40 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആ സ്ഥാപനത്തിന്റെ പേരെ പറയുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് 1,200 കോടി രൂപ എനുള്ളത്, 4,514.93 കോടി രൂപയാണ് നിക്ഷേപമെന്നു വരുത്തിത്തീർക്കാനും എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് നിക്ഷേപം കുറവാണെന്നു വരുത്തിത്തീർക്കാനും എന്താണ" ചെയ്തത്? വ്യവസായ രംഗത്ത് നിക്ഷേപിച്ചിട്ടുള്ള പണം കാണിക്കാതെ, വിവരം ലഭ്യമല്ല എന്ന കോളം വേക്കൻറായി വച്ചുകൊണ്ടുള്ള ഒരു മറുപടിയാണ് തന്നിട്ടുള്ളത്. ഇതു സഭയെ തെറ്റിദ്ധരിപ്പിക്കലല്ലെ? ജനങ്ങളെ തെറ്റിദ്ധരിപ്പിക്കലല്ലെ? ഇങ്ങനെയൊരു മറുപടി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയെക്കൊണ്ട് ചെയ്യിപ്പിച്ചത് ആരാണെന്നറിയാൻ താൽപ്പര്യമുണ്ട്. ഇത് ഗവൺമെന്റിന്റെ മുഖം രക്ഷിക്കാൻ വേണ്ടിയാണ". യു. ഡി. എഫ്. ഗവൺമെന്റിന്റെ അവകാശവാദം തികച്ചും പൊള്ളയാണെന്നു മനസ്സിലാക്കിയപ്പോഴാ, ഇങ്ങനെയൊരു വീഴ്ചയിൽ നിന്നും ഉരുണ്ട് എഴുന്നേൽക്കാൻ വേണ്ടി നടത്തുന്ന ശ്രമമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് ചെയ്യേണ്ടിയിരുന്നില്ല. തിരുത്തിയ സ്റ്റേറ്റുമെന്റ് അങ്ങേക്കുതന്നെ ഏറ്റവും വലിയ ക്ഷീണമാണ് ഉണ്ടാക്കിയിട്ടുള്ളതെന്നു അങ്ങ് മനസ്സിലാക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു ശ്രമവും നടന്നിട്ടില്ല. വിവരം കിട്ടിയതനുസരിച്ചാണ് സഭയിൽ വച്ചത്. ഇക്കാര്യത്തിൽ കെ. എസ്. ഐ. ഡി. സി. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു മോണിറ്ററിംഗ് സെൽ വച്ചിട്ടുണ്ട്. ഏതു നിക്ഷേപവും, സ്വകാര്യ നിക്ഷേപവും, ബാങ്ക് വഴി വന്ന നിക്ഷേപവുമൊക്കെ മോണിറ്ററിംഗ് നടത്താനുള്ള ഒരു സെൽ ഉണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതുണ്ടായിരുന്നില്ല. എന്നാലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതു നടന്നിട്ടുണ്ടോ എന്നു പരിശോധിക്കാനായി കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതാണ് ശരിയായ വസ്തുത.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. റൂൾ 27 അനുസരിച്ച് ഇവിടെ ചോദ്യങ്ങൾക്ക് നോട്ടീസ് കൊടുക്കുന്നത് 12 ദിവസത്തിനു മുമ്പാണ്. ബിസിനസ് റൂൾസ് അനുസരിച്ചും സെക്രട്ടേറിയറ് മാനുവൽ അനുസരിച്ചും നിയമസഭയിൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകുമ്പോഴും ഒപ്പിടേണ്ടത് ബന്ധപ്പെട്ട വകുപ്പിന്റെ സെക്ഷൻ ഓഫീസറാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ആദ്യം നിയമസഭയിൽ വച്ച ഉത്തരത്തിൽ ഒപ്പിട്ടിരിക്കുന്നത് സെക്ഷൻ ഓഫീസറാണ്, ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ തിരുത്തിയ ഉത്തരത്തിൽ ഒപ്പിട്ടിരിക്കുന്നത് സെക്ഷൻ ഓഫീസറല്ല, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി അബ്ബാസാണ്. ഇത് ബിസിനസ് റൂൾസിനും സെക്രട്ടേറിയറ് മാനുവലിനും വിരുദ്ധമായിട്ടാണ് ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ സ്പീക്കർ ഇതു പരിശോധിക്കണം. സെക്രട്ടേറിയറ്റ് മാനുവലിനു വിരുദ്ധമായി ഇങ്ങനെ ചെയ്യാൻ മന്ത്രിക്ക് എന്തവകാശമാണുള്ളത്? ബഹുമാനപ്പെട്ട ടീച്ചർ ഉന്നയിച്ച ഈ പ്രശ്നം പരിശോധിക്കണ്ടേ? റൂളിംഗ് കിട്ടേണ്ട കാര്യമാണ്. ഈ നിയമസഭയുടെ ചരിത്രത്തിൽ ഇന്നുവരെ ഒരു മന്ത്രിയും ഇങ്ങനെയൊരു ഉത്തരം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടേതായിട്ട് തന്നിട്ടില്ല. ഇതിൽനിന്നും വ്യക്തമാകുന്നത് ആദ്യം ഒപ്പിട്ട സെക്ഷൻ ഓഫീസർ ഇങ്ങനെ തിരുത്തിയ ഒരു ഉത്തരത്തിൽ ഒപ്പിടാൻ തയ്യാറായില്ല എന്നാണ്. ഈ ഗൗരവമായ ഒരു പ്രശ്നമാണ്. ഈ നിയമസഭയിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു സംഭവം ഉണ്ടാകുന്നത്. അങ്ങിതു പരിശോധിക്കണം. എല്ലാ ചട്ടങ്ങളും കീഴ്മേൽ മറിക്കുന്നതാണ്. ഇത് അനുവദിക്കാൻ പാടില്ല.

മി. സ്പീക്കർ: അതു പരിശോധിക്കാം.

ശ്രീ. എം. വി. ജയരാജൻ: നിയമസഭാ ചട്ടം 57 പ്രകാരം ചോദ്യങ്ങൾക്കുള്ള മറുപടി മുൻകൂട്ടി പ്രസിദ്ധപ്പെടുത്താൻ പാടില്ലെന്നുണ്ട്. മന്ത്രിമാർ സഭയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് നൽകുവാൻ
12 NOON] ഉദ്ദേശിക്കുന്ന മറുപടികൾ സഭയിൽ മറുപടി നൽകുകയോ സഭയുടെ പുറത്ത് വയ്ക്കുന്നതുവരെയോ പ്രസിദ്ധപ്പെടുത്താൻ പാടില്ല. ഇന്നലെ മലയാള മനോരമ പത്രത്തിൽ ഇന്ന രീതിയിൽ ഉത്തരം തരാൻ പോകുന്നു എന്നുള്ള തരത്തിലുള്ള റിപ്പോർട്ട് മന്ത്രിയുടെ ഓഫീസിൽനിന്ന് നൽകിയതിന്റെ അടിസ്ഥാനത്തിൽ പത്രത്തിൽ വന്നു കഴിഞ്ഞു. ഇന്നലത്തെ മലയാള മനോരമ പത്രത്തിന്റെ മുൻ പേജിലാണ് ഈ വാചകം. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. അബ്ബാസിന്റെ പത്രക്കുറിപ്പെന്ന പേരിൽ മറുപടി പത്രത്തിൽ വന്നു. അതേ രീതിയിലുള്ള വാചകം നിയമസഭയിലേക്ക് മറുപടി തയ്യാറാക്കി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി ശ്രീ. വി കെ. ഇബ്രാഹിംകുഞ്ഞ് അറിയിച്ചു. ഇതേ വാചകം തന്നെയാണ് ഇന്നലത്തെ മലയാള മനോരമ പത്രത്തിൽ വന്നത്. ഈ നിയമസഭ എന്തിനാണ്? ഈ നിയമസഭയിലെ അംഗങ്ങളുടെ അവകാശങ്ങളെ ഇത്രമാത്രം രഹസ്യമായി അവഹേളിക്കുന്ന വിധത്തിൽ, ഈ നിയമസഭയോട് അനാദരവ് കാട്ടുന്ന വിധത്തിലുള്ള നടപടികൾ വേറെ പറയാനുണ്ടോ. അപ്പോൾ ആദ്യംതന്നെ പത്രത്തിൽ കൊടുക്കുക, ഈ ചോദ്യത്തിന്റെ ഉത്തരം തെറ്റാണെന്ന വിധത്തിലുള്ള റിപ്പോർട്ടുകൾ വരുത്തുക എന്നിട്ട് നിയമസഭയെ സമീപിക്കുക. നിയമസഭാ സമ്മേളനം നടക്കുമ്പോൾതന്നെ നയപരമായിട്ടുള്ള പല കാര്യങ്ങളും പുറത്തു പറയാൻ പാടില്ലെന്നുള്ള കീഴ്വഴക്കവും റൂളിംഗുമുള്ള ഒരു സഭയാണ് ഇത്. അപ്പോൾ ഈ സഭയുടെ അന്തസ്സ് കളഞ്ഞു കുളിക്കുംവിധത്തിലാണ് ഈ പ്രശ്നത്തിലെടുത്തിരിക്കുന്ന നിലപാട്. അതുകൊണ്ട് ഉത്തരം തെറ്റായി വന്നതിനേക്കാൾ ഗൗരവതരമായിട്ടുള്ള രീതിയിലാണ് ഈ പ്രശ്നങ്ങളോട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും സ്വീകരിച്ച നിലപാട്. അതുകൊണ്ട് വ്യക്തമായി ഇതു സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കഴിഞ്ഞ മാസം 22-ാം തീയതി ബഹുമാനപ്പെട്ട സാജുപോൾ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്ന അവസരത്തിൽ ഈ പ്രശ്നം അദ്ദേഹം ഉന്നയിക്കുകയുണ്ടായി. അതിന് ഞാൻ മറുപടി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു കഴിഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കരുടെ അനുമതിയോടുകൂടി കറക്ഷൻ സ്റ്റേറ്റുമെൻറ് വരുന്നുണ്ടെന്നേ ആ പ്രശ്നം ഉന്നയിച്ചപ്പോഴം തന്നെ ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നു. അതെല്ലാ പത്രക്കാർക്കും അറിയാവുന്ന വിഷയമാണ്. പത്രക്കാർ കേട്ടുകൊണ്ടിരിക്കുന്നതല്ലേ. ഈ സഭയിൽ മാത്രമാണ് ഞാൻ ഈ കാര്യം സൂചിപ്പിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മെമ്പേഴ്സ് സെക്രട്ടറിയുടെ പത്ര കുറിപ്പുണ്ടായിരുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഇന്നലെ സഭയിൽ വച്ചതിനു ശേഷമാണ് പത്രക്കുറിപ്പ് കൊടുത്തത്.

VI. റിപ്പോർട്ട് സമർപ്പണം.

(1) 2002-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സീവറേജ് (അമെൻഡ്മെൻറ്) ബിൽ

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഊർജ്ജ വകുപ്പുമന്ത്രിയും മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 2002-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സീവറേജ് (അമെൻഡ്മെൻറ്) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. നാലകത്ത് സൂപ്പി: എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ആറും ഏഴും റിപ്പോർട്ടുകൾ

ശ്രീ. എം. മുരളി: ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറും ഏഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VII. ധനകാര്യം

2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഞാൻ പിന്താങ്ങുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 57,76,58,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly